പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2233 **27-10-2026-ൽ മറുപടിയ്ക്ക്**

പോലീസ് ഇൻക്വസ്റ്റ് നടപടികളിലെ കാലതാമസം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് അസ്വാഭാവിക മരണങ്ങൾ, ആത്മഹത്യകൾ,മറ്റ് സാഹചര്യങ്ങളിൽ മരണപ്പെട്ടതിനുശേഷം ആശുപത്രികളിലെത്തിച്ച് മരണം സ്ഥിരീകരിക്കൽ തുടങ്ങിയ സാഹചര്യങ്ങളിൽ പോലീസ് ഇൻക്വസ്റ്റ് നടപടികൾ വൈകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം കേസുകളിൽ ബന്ധുക്കൾ നേരിട്ട് പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകണമെന്ന വ്യവസ്ഥ, മരണംമൂലം ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നടപടിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മരണാനന്തര ദുഃഖത്തിലായിരിക്കുന്ന ബന്ധുക്കളെ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചു വരുത്തുന്നത് പ്രയാസമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഇത്തരത്തിലെ നിർബന്ധിത സ്റ്റേഷൻ ഹാജരാകലുകൾ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സാഹചര്യങ്ങളിൽ പോലീസ് നേരിട്ട് വീടുകളിലെത്തി മൊഴി രേഖപ്പെടുത്തുന്ന രീതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: പ്രസ്തുത സാഹചര്യങ്ങളിൽ ബന്ധുക്കളുടെ സൗകര്യവും മാനസികാവസ്ഥയും പരിഗണിച്ച് അന്വേഷണ ഉദ്യോഗസ്ഥർ നേരിട്ട് വീടുകളിലോ ആശുപത്രികളിലോ എത്തി മൊഴി രേഖപ്പെടുത്തുന്ന രീതി നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ